(ബി) പ്രസ്തുത ബജറ്റിൽ കെട്ടിടങ്ങൾ വിഭാഗത്തിനായി എത്ര തുക വകയിരുത്തുകയുണ്ടായി ;

(സി) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 2014-15 സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി ;

(ഡി) കെട്ടിടങ്ങൾ വിഭാഗത്തിൽ 2014-15 സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി ?

ഉത്തരം

(എ) 2014-15 ലെ ബജറ്റിൽ, പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ പദ്ധതിയിനത്തിൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി 116 കോടി രൂപ വകയിരുത്തുകയുണ്ടായി.

(ബി) 2014-15 ബജറ്റിൽ, കെട്ടിട വിഭാഗത്തിൽ പദ്ധതിയിനത്തിൽ പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി 16 കോടി രൂപ വകയിരുത്തുകയുണ്ടായി.

(സി) എന്നാൽ 2014-15 സാമ്പത്തികവർഷം പദ്ധതിയിനത്തിൽ 1061.60 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 700.86 കോടി രൂപയുമുൾപ്പെടെ ആകെ 1762.46 കോടി രൂപയുടെ പ്രവൃത്തികൾ നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നടത്തുകയുണ്ടായി.

(ഡി) എന്നാൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആകെ 101.68 കോടി രൂപയുടെ പ്രവൃത്തികൾ നടത്തുകയുണ്ടായി.

കൊടുവള്ളിയിൽ റസ്റ്റ് ഹൗസ്

165 (2661) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റിയായി ഉയർത്തിയ കൊടുവള്ളിയിൽ പി.ഡബ്ല്യു.ഡി റസ്റ്റ് ഹൗസ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

എൻ.എച്ച്-66 നാലുവരിപ്പാത

166 (2662) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. എച്ച്. 66 നാലുവരിപ്പാതയാക്കുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) ഇതിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി കണ്ണൂർ, കാസർഗോഡ് ജില്ലയിൽ എത്രത്തോളമായിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) എൻ.എച്ച്-66-ന്റെ സംസ്ഥാനത്തുകൂടി കടന്നുപോകുന്ന ഭാഗങ്ങളുടെ സർവ്വീസ് റോഡുകളോടുകൂടി 4 വരിപ്പാതയായി ബി.ഒ.റ്റി വ്യവസ്ഥയിൽ വികസിപ്പിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന്റെ ദേശീയപാത വികസന പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി എൻ.എച്ച്.എ.ഐ.-യെ ഏൽപ്പിക്കുകയുണ്ടായി. ഇതിൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയും ഉള്ള ഭാഗത്തെ സ്ഥലമെടുപ്പിലുള്ള കാലതാമസം കാരണം ദേശീയ പാത അതോറിറ്റി പദ്ധതിയിൽനിന്നും പിന്മാറിയിട്ടുണ്ട്. ദേശീയ പാത

LIBRARY ARCHIVES Kerala Legislative Assembly